No. CEE/4848/2013/KEAM-2014/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## 2014–ലെ എം.ബി.ബി.എസ് കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള പ്രവേശനം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

സംസ്ഥാനത്ത് ഒഴിവുള്ള എം.ബി.ബി.എസ് സീറ്റുകൾ ഉണ്ടെങ്കിൽ അവ മെറിറ്റ് അടിസ്ഥാനത്തിൽ നികത്തുന്നതിന് 01.12.2014–ലെ സിവിൽ റിട്ട് പെറ്റിഷൻ നം. 934/2014–ൻ മേൽ ബഹു: സുപ്രീം കോടതി ഉത്തരവായിരുന്നു. സീറ്റുകൾ ഒഴിവുള്ളതായി ആരോഗ്യ സർവ്വകലാശാല അറിയിച്ചതിൻപ്രകാരം തൊടുപുഴ അൽ–അസ്ഹർ മെഡിക്കൽ കോളേജ്, തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, കോഴിക്കോട് മലബാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം വെഞ്ഞാറമൂട് ശ്രീ ഗോകുലം മെഡിക്കൽ കോളേജ് എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് 03.03.2015 ന് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയിരുന്നു. അലോട്ട്മെന്റ് ലഭിച്ച ഏഴ് വിദ്യാർത്ഥികളിൽ നാല് പേർ നിശ്ചിത സമയത്തിനകം പ്രവേശനം നേടിയിട്ടില്ലാത്തതിനാൽ ഒഴിവുവന്ന പ്രസ്തുത 4 സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ മേൽപറഞ്ഞ വെബ്സൈറ്റിലെ **'KEAM 2014: Allotment to the Vacant MBBS Seats'** എന്ന ലിങ്കിൽ പ്രവേശിച്ച് അലേട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത ശേഷം പ്രസ്തുത അലോട്ട്മെന്റ് മെമ്മോ, നിർദ്ദിഷ്ട ഫീസ്, ആവശ്യമായ അസ്സൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം 13.03.2015 (വെള്ളിയാഴ്ച) വൈകുന്നേരം 5 മണിയ്ക്കു മുൻപായി ബന്ധപ്പെട്ട കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. വിദ്യാർത്ഥികളുടെ **KEAM 2014** അഡ്മിറ്റ്കാർഡ്, ഡാറ്റാ ഷീറ്റ് എന്നിവയും മേൽപറഞ്ഞ വെബ്സൈറ്റിൽ ലഭ്യ മാണ്. 13.03.2015 വൈകുന്നേരം 5.30 മണിയ്ക്ക് ബന്ധപ്പെട്ട കോളേജ് അധികാരികൾ ജോയിനിംഗ് റിപ്പോർട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

ഇപ്പോൾ ഏതെങ്കിലും കോഴ്സിൽ പ്രവേശനം നേടി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ ഈ അലോട്ട്മെന്റിലൂടെ പുതുതായി പ്രവേശനം ലഭിക്കുന്ന പക്ഷം അവർ പഠിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാൻ ബാധ്യസ്ഥരാണ്. 13.03.2015 നു ശേഷം ഒഴിവുള്ള സീറ്റുകൾ നിലനിൽക്കുന്ന പക്ഷം പ്രസ്തുത സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ പിന്നീട് പ്രസിദ്ധപ്പെടുത്തുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
09.03.2015